**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1375** **11-06-2019 ൽ മറുപടിക്ക്**

**സർക്കാർ ഭൂമിയിലെ കയ്യേറ്റം**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കൈക്കൊണ്ട നടപടികൾ ഭൂമിയുടെ കണക്കെടുപ്പിലും റിപ്പോർട്ട് തയ്യാറാക്കുന്നതിലും മാത്രം ഒതുങ്ങുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) എങ്കിൽ ഇതു പരിശോധിക്കു കയുണ്ടായോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | |
| (സി) കുറിഞ്ഞി വന്യജീവി സംരക്ഷണ മേഖലയിലേതടക്കമുള്ള സർക്കാർ ഭൂമി, കയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിക്കുന്നതിന് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) കുറിഞ്ഞിമല സങ്കേതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കുന്നതിന് നിയോഗിക്കപ്പെട്ട ഡോ. നിവേദിത പി ഹരൻ ഐ.എ.എസ് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വട്ടവട, കൊട്ടക്കമ്പൂർ വില്ലേജുകളിലെ മുഴുവൻ തണ്ടപ്പേരുകളും പരിശോധിക്കണമെന്ന് നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ദേവികുളം സബ് കളക്ടർ മുഖേന തണ്ടപ്പേർ വേരിഫിക്കേഷൻ നടന്നു വരികയായിരുന്നു. തുടർന്ന് 10.05.2018 ലെ ജി.ഒ (എം.എസ്) 178/2018/റവ പ്രകാരം ദേവികുളം താലൂക്കിലെ കൊട്ടക്കമ്പൂർ വില്ലേജിലെ ബ്ലോക്ക് 58 ലെയും വട്ടവട വില്ലേജിലെ ബ്ലോക്ക് 62 ലെയും പട്ടയ ഭൂമി ഒഴികെ ബ്ലോക്ക് നം. 59, 60, 61, 63 എന്നിവയിലുള്ള റവന്യൂ ഭൂമി കൂടി പ്രധാനമായും ഗ്രാന്റിസ് തോട്ടങ്ങൾ ഉള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി ഉചിതമായ രീതിയിൽ 3200 ഹെക്ടറിൽ കുറയാത്ത വിധം അതിരുകൾ പുനർനിർണയം ചെയ്യേണ്ടതാണെന്ന് ഉത്തരവായി. ടി ഉത്തരവിന്റെ കാര്യനിർവ്വഹണത്തിനായി ലാൻഡ് റവന്യൂ കമ്മീഷണറെ സ്പെഷ്യൽ ഓഫീസർ ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് 04.01.2019, 05.01.2019 തീയതികളിൽ വട്ടവടയിൽവെച്ച് ബ്ലോക്ക് 60 ലെ തണ്ടപ്പേർ കക്ഷികളുടെ ഹിയറിംഗ് നടപടികൾ ലാൻഡ് റവന്യൂ കമ്മീഷണർ ആരംഭിച്ചിട്ടുള്ളതാണ്. |

**സെക്ഷൻ ഓഫീസർ**